നദീസംയോജന പദ്ധതികൾ

11 (*371) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട മലനിരകളുടെ തളർച്ചയ്ക്കും പരിസ്ഥിതിക്ക് ദോഷം വരുത്തുന്നതും ശുദ്ധജല ദൗർലഭ്യത്തിന് കാരണമാകുന്നതുമായ നദീസംയോജന പദ്ധതി കേരളത്തിൽ നടപ്പിൽ വരുത്താതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കേരളത്തിലെ ഏതെല്ലാം നദികളെ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര ജല വിഭവവകുപ്പ് നടപടി തുടങ്ങിയിട്ടുള്ളത് ;

(സി) നദീസംയോജനം സംബന്ധിച്ച് ഏതെല്ലാം വിധത്തിലുള്ള പഠനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) സംസ്ഥാനത്തിന് പ്രയോജനപ്രദമല്ലാത്തതും ശുദ്ധജല ദൗർലഭ്യത്തിന് കാരണമാകുന്നതുമായ നദീസംയോജന പദ്ധതി കേരളത്തിൽ നടപ്പാക്കേണ്ടതില്ലായെന്നുള്ള ഉറച്ച നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നദീ സംയോജന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കുവാൻ ദേശീയജലവികസന ഏജൻസി ഉദ്ദേശിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലായാൽ മധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാകുമെന്നും പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ കടിവെള്ളക്ഷാമം അനുഭവപ്പെടുമെന്നും പെരിയാറിന്റെ കീഴ്ഭാഗങ്ങളിൽ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നും കുട്ടനാട്ടിലെ നെൽ കൃഷിയെ പ്രസ്തുത പദ്ധതി ദോഷകരമായി ബാധിക്കുമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ; പമ്പ - അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനോടുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് സാദ്ധ്യമായ എല്ലാ വേദികളിലും കാര്യകാരണസഹിതം വ്യക്തമാക്കിയിട്ടുണ്ട്. ദേശീയജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിലും കേന്ദ്ര ജലവിഭവവകുപ്പുമന്ത്രി വിളിച്ചു ചേർത്ത 21-11-2014-ലെ യോഗത്തിലും പങ്കെടുക്കവേ സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രിയും പമ്പ- അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിലുള്ള കേരളത്തിന്റെ എതിർപ്പ് കാര്യകാരണ സഹിതം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പമ്പ-അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്നതിനെക്കുറിച്ച് വിലയിരുത്തുന്നതിനായി ഡൽഹിയിലെ ഐ.ഐ.ടി., കോഴിക്കോടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. (CWRDM) എന്നീ വിദഗ്ധ ഏജൻസികളെക്കൊണ്ട് പഠനം നടത്തുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടുകൾ പ്രകാരം പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ലായെന്നുള്ള കേരളത്തിന്റെ വാദം ശരിയാണെന്നും, പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തിന് ഒട്ടും പ്രയോജനപ്രദമല്ലെന്നും പ്രസ്തുത പദ്ധതി നടപ്പിലായാൽ സംസ്ഥാനത്ത് ഗുരുതരമായ പരിസ്ഥിതി പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് നദീസംയോജന പദ്ധതി കേരളത്തിന് ഗുണകരമല്ലായെന്നുള്ള നിലപാടിൽ ഉറച്ച് നിന്നുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.

കടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി

12 (*372) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിയേറ്റ തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ കടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ സംബന്ധിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന കടിയേറ്റ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കടിയേറ്റ തൊഴിലാളികൾ ബഹുഭൂരിപക്ഷവും പദ്ധതിയിൽ അംഗത്വമെടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കി പ്രചാരണം നൽകി, എല്ലാ തൊഴിലാളികളെയും പദ്ധതിയിൻ കീഴിൽ കൊണ്ടുവന്ന് അവരെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly